വകകൊള്ളിക്കുന്ന തുകകളും കൂടുതൽ പ്രയോജനപ്രദമായി വിനിയോഗിക്കുന്നതു് ഉറപ്പു വരുത്താനായി തൽസംബന്ധമായ നടപടിക്രമങ്ങളും പരിഷ്ക്കരിക്കുന്ന കാര്യം ഗവൺമെൻറിൻെറ സജീവ പരിഗണനയിലിരിക്കുകയാണു്.

1970–71–ൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രത്യേക പരിപാടികളിൽ താലൂക്കാശുപത്രികളിൽ ഡെൻറൽ ക്ലിനിക്കുകളും സ്ഥാപിക്കുക, മറ്റു ചില ആശുപത്രികളിൽ രക്തബാങ്കുകളും, എക്സറേ യൂണിറ്റുകളും, മറ്റു സജ്ജീകരണങ്ങളും ഏർപ്പെടുത്തുക, ജില്ലാ ആശുപത്രികളിൽ ബാലചികിൽസായൂണിറ്റുകളും സ്ഥാപിക്കുക, തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഓപ്പറേഷൻ തിയേറ്റർ എയർ കണ്ടീഷൻ ചെയ്യുക എന്നിവ എടുത്തു പറയേണ്ടവയാണു്.

കുടുംബാസൂത്രണത്തിനുള്ള വിഹിതവും കാര്യമായി വർദ്ധിപ്പിച്ചിട്ടുണ്ടു്. 1969–70–ലെ പുതുക്കിയ എസ്റ്റിമേറ്റിൽ 49 ലക്ഷം രൂപയുടെ വർദ്ധനയാണുള്ളതു്. 1970–71–ലേയ്ക്കു വകയിരുത്തിയിട്ടുള്ള 227 ലക്ഷം രൂപ പുതുക്കിയ എസ്റ്റിമേറ്റിനെക്കാളും 27 ലക്ഷം രൂപ കൂടുതലാണു്.

ഹൌസ് സർജ്ജൻമാരുടെ സ്റ്റൈപ്പൻറു തുക പ്രതിമാസം 150 രൂപയിൽ നിന്നും 200 രൂപയായി വർദ്ധിപ്പിക്കുന്നതിനു് തീരുമാനിച്ചിട്ടുണ്ടു്. ബഡ്ജറ്റിൽ ഇതിലേയ്ക്കായി 2.4 ലക്ഷം രൂപ ഉൾക്കൊള്ളിച്ചിട്ടുണ്ടു്.

പൊതുരേണം

കഴിഞ്ഞ ഏതാനും വർഷങ്ങളിലായി ഗവൺമെൻറിൻെറ പ്രവർത്തനങ്ങളിൽ ബഹുമുഖമായ വികാസം ഉണ്ടായിട്ടുണ്ടു്. ഒരു വശത്തു വർദ്ധിച്ച വികസനപ്രവർത്തനങ്ങളും പുതിയ കേഡറുകളും പുതിയ ഡിപ്പാർട്ടുമെൻറുകളും തന്നെയും സൃഷ്ടിക്കുന്നതിനു കാരണമായപ്പോൾ, മറുവശത്തു് റവന്യൂ പിരിവു് ഊർജ്ജിതപ്പെടുത്തുന്നതിനുവേണ്ടി മറ്റു ഡിപ്പാർട്ടുമെൻറുകളിലെ ഭരണയന്ത്രം ശക്തിപ്പെടുത്തേണ്ടിവന്നിട്ടുണ്ടു്. 1969–ൽ മലപ്പുറം ജില്ല പുതുതായി രൂപീകരിച്ചു. എന്നാൽ ഏതാനും ആഫീസുകൾ മാത്രമേ അക്കൊല്ലം അനുവദിച്ചുള്ളൂ. 1970–71–ൽ എക്സൈസ് ഡിവിഷനും, ജില്ലാ സ്റ്റാറ്റിസ്റ്റിക്കൽ ആഫീസും ജില്ലാ ഇൻഡസ്ട്രീസ് ആഫീസും, ജില്ലാ ട്രഷറിയും മലപ്പുറത്തു തുടങ്ങാൻ ഉദ്ദേശിക്കുന്നു. സ്പെഷ്യൽ ആഫീസറുടെ റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ മലനാടു് ജില്ല രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം ത്വരിതഗതിയിൽ പരിശോധിച്ചുകൊണ്ടിരിക്കുകയും ഒരു സൂചനത്തുക ബഡ്ജറ്റിൽ കൊള്ളിക്കുകയും ചെയ്തിട്ടുണ്ടു്.

ആവശ്യം കൂടുതൽ അനുഭവപ്പെടുന്ന സ്ഥലങ്ങളിൽ അഞ്ചു പുതിയ സബ് രജിസ്ട്രാർ ആഫീസുകളും നാലു പുതിയ സബ് ട്രഷറികളും വരുംകൊല്ലം തുറക്കുന്നതാണു്. മോട്ടോർവാഹന ഡിപ്പാർട്ടുമെൻറിൽ ഒരു ആഡിറ്റ്വിഭാഗം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നു. വർദ്ധിച്ച ഉത്തരവാദിത്വങ്ങൾക്കനുസരണമായി കാർഷികാദായ നികുതി വിൽപ്പനനികുതി ഡിപ്പാർട്ടുമെൻറ് ശക്തിപ്പെടുത്തുന്നതാണു്. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേഷനുകളുടെ ശരിയായ പരിശോധനകൾക്കായി കോഴിക്കോട്ടു് ഒരു റീജിയണൽ ഇലക്ട്രിക്കൽ ആഫീസ് തുറക്കുന്നതാണു്. നിർജ്ജീവമായിക്കിടന്നിരുന്ന പബ്ലിക്ക് റിലേഷൻസ് ഡിപ്പാർട്ടുമെൻറ് പുനഃസംഘടിപ്പിക്കുന്ന പ്രശ്നം സർക്കാരിൻെറ പരിഗണനയിലുണ്ടായിരുന്നു. അതിനു് ഇപ്പോൾ ഒരു തീരുമാനമായിട്ടുണ്ടു്. 'ജനപഥം' എന്ന പേരിൽ ഒരു മാസിക, സർക്കാരിൻെറ മുഖപ്പത്രമെന്നോണം, 1970 ജനുവരി മുതൽ ആരംഭിച്ചിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

കേരളാസ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനിലേക്കുള്ള നിയമനങ്ങൾ പബ്ലിക്ക് സർവ്വീസ് കമ്മിഷന്റെ അധികാരപരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. നിയമാധിഷ്ഠിത (സ്റ്റാറ്റ്യൂട്ടറി) കോർപ്പറേഷനുകളും സർക്കാർവക കമ്പനികളും കൂടി അതിന്റെ അധികാരപരിധിയിൽ കൊണ്ടുവരുന്നതാണ്. ഇത് എല്ലാവർക്കും, പ്രത്യേകിച്ച് പിന്നോക്ക വിഭാഗങ്ങൾക്ക് സാമൂഹ്യനീതി ഉറപ്പുവരുത്തുന്നതിനും എല്ലാ പബ്ലിക്ക് ഉദ്യോഗങ്ങളിലേക്കുമുള്ള നിയമനങ്ങളിൽ നീതിനിഷ്ഠയും, നിഷ്പക്ഷതയും മാനദണ്ഡമായി തീരുന്നതിനും വളരെ സഹായിക്കുന്നതാണ്. ഉദ്യോഗാർത്ഥികളുടെ ബുദ്ധിമുട്ടുകൾ ലഘൂകരിക്കുന്നതിന് ട്രഷറികളിൽ അപേക്ഷാഫീസ് അടയ്ക്കുന്ന ഇപ്പോഴത്തെ രീതിക്കുപകരം പോസ്റ്റൽ ഓർഡറായി പണമടയ്ക്കുന്ന മാർഗ്ഗം സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു.

ഭരണത്തിന്റെ പ്രാധാന്യം നിയമപരിപാലനത്തിൽനിന്നും വികസന കാര്യങ്ങളിലേക്ക് മാറിയെങ്കിലും സംസ്ഥാനത്തിനുള്ളിൽ സമാധാനം നില നിറുത്തുന്നതിലുള്ള ഉത്തരവാദിത്വത്തിൽ ഗവൺമെന്റിന് ഉപേക്ഷയോ അമാന്തമോ കാണിക്കാൻ നിർവ്വാഹമില്ല. ഇന്നത്തെ സംസ്ഥാന പോലീസ് സേന നിയമപരിപാലന പ്രശ്നങ്ങളുമായി തട്ടിച്ചുനോക്കുമ്പോൾ മതിയാകാതെയാണിരിക്കുന്നത്. ആയതിനാൽ ഇപ്പോഴുള്ള സായുധ സേനയുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും പുറമേ പുതിയ ബാറ്റാലിയനുകൾ സംഘടിപ്പിക്കുന്നതിനും സർക്കാരിന് ഉദ്ദേശമുണ്ട്. ഈ ആവശ്യത്തിലേക്കായി ബഡ്ജറ്റിൽ 20 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. പോലീസ് ഡിപ്പാർട്ടുമെന്റാവശ്യത്തിന് വാഹനങ്ങൾ വാങ്ങുന്നതിന് 10 ലക്ഷം രൂപാ വേറെയും വകകൊള്ളിച്ചിട്ടുണ്ട്. പോലീസ് സേനയ്ക്ക് ആവശ്യമായ ആഫീസറൻമാർ ഉണ്ടായിരിക്കുന്നതിലേക്കായി സബ്ഇൻസ്പെക്ടർമാരുടെ കേഡറുകൾ വർദ്ധിപ്പിക്കാനും ഉദ്ദേശിക്കുന്നു.

പഞ്ചായത്തുരാജ് ബിൽ നിയമമാകുമ്പോൾ സർക്കാർവക ഡിപ്പാർട്ടുമെന്റുകളുടെ ഭരണക്രമങ്ങളിലും അതുപോലെതന്നെ അവയുടെ ഘടനയിലും അടിസ്ഥാനപരമായ വ്യതിയാനങ്ങൾ വരുന്നതാണ്. എന്നാൽ ഈ മാറ്റങ്ങളുടെ ശരിയായ രൂപം ഇതുവരെ തെളിഞ്ഞുവന്നിട്ടില്ലാത്തതിനാൽ ഈ വ്യതിയാനങ്ങൾ ബഡ്ജറ്റിൽ പ്രതിഫലിച്ചിട്ടില്ല. രണ്ടാം ഘട്ടം കഴിഞ്ഞിട്ടുള്ള സാമൂഹ്യവികസന ബ്ലോക്കുകൾ നിർത്തലാക്കുന്ന പ്രശ്നവും ഗവൺമെന്റിന്റെ സജീവപരിഗണനയിലിരിക്കുന്നു. ഒരു ബ്ലോക്ക് രണ്ടാം ഘട്ടത്തിന്റെ അവസാനത്തിൽ എത്തുമ്പോൾ ആവശ്യത്തിനുള്ള ഫണ്ടുകളുടെ അഭാവത്തിൽ അതിലെ വികസന പ്രവർത്തനങ്ങൾ ചുരുങ്ങുന്നു. പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുകകളുടെ അഭാവത്തിൽ ഈ ബ്ലോക്കുകൾ തുടരുന്നതു പൊതുജനവിമർശനത്തിനിടയാക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ കൂടുതൽ കാലതാമസമില്ലാതെ ഒരു തീരുമാനമെടുക്കേണ്ടതാണെന്ന് ഗവൺമെന്റിന് ബോദ്ധ്യമുണ്ട്. ഏതായാലും തൽക്കാലം ബ്ലോക്ക് ഡെവലപ്പ്മെന്റ് ആഫീസറൻമാരേയും മറ്റു സ്റ്റാഫിനേയും ഭൂപരിഷ്കരണനിയമം നടപ്പാക്കുന്ന ജോലിക്ക് നിയോഗിച്ചിരിക്കയാണ്.

പുനരധിവാസ പ്രവർത്തനങ്ങൾ

സിലോൺ, ബർമ്മാ മുതലായ രാജ്യങ്ങളിൽ നിന്നും കുടിയിറക്കപ്പെട്ടവരുടെ സംഖ്യ അനുക്രമം വർദ്ധിച്ചുവരികയാണ്. ഇവരുടെ പുനരധിവാസം ദേശീയപ്രാധാന്യമുള്ള കാര്യമായതുകൊണ്ട്. ഇൻഡ്യാഗവർമെൻറ് ഇതിനുവേണ്ടിയുള്ള പദ്ധതികൾക്ക് പൂർണ്ണമായി ധനസഹായം നൽകുമെന്നു പ്രതീക്ഷിക്കാം. കുടിയിറക്കപ്പെട്ടവരെ പുനരധിവസിപ്പിക്കാനുള്ള നിരവധി പദ്ധതികൾ ഗവൺമെന്റിന്റെ പരിഗണനയിലിരിക്കുകയാണ്. അവയിൽ

LIBRARY ARCHIVES Kerala Legislative Assembly